# Academic Master Plan

***St. George's L P School***
***Thulappally***
***2025 - 2026***



# വിദ്യാലയ ചരിത്രം

1964 ൽ സ്ഥാപിതമായ സെന്റ് ജോർജ്സ് എൽ പി സ്കൂൾ തുലാപ്പള്ളിക്കു തിലകക്കുറിയായി നിലകൊള്ളുന്നു. 5 അധ്യാപകരും 2 ജീവനക്കാരും 56 കുട്ടികളും ആണ് ഇപ്പോൾ ഈ സ്കൂളിൽ ഉള്ളത്. നാനാജാതി മതസ്ഥരായ പിഞ്ചോമനകൾക്കു അറിവിന്റെ വെളിച്ചം പകർന്നുനൽകി അവരുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു.

| | |
|---|---|
| സ്ഥാപിതം | : 1964 |
| സ്കൂൾ കോഡ് | : 38530 |
| ജില്ല | : പത്തനംതിട്ട |
| താലൂക്ക് | : റാന്നി |
| പഞ്ചായത്ത് | : പെരുനാട് |
| വില്ലേജ് | : കൊല്ലമുള |
| വാർഡ് | : VI |
| ക്ലസ്റ്റർ | : പെരുനാട് |
| ബി ആർ സി | : റാന്നി |
| വിദ്യാഭ്യാസ ഉപജില്ല | : റാന്നി |
| ഹെഡ്മാസ്റ്റർ | : ക്രിസ് ജോസഫ് കെ |
| സ്കൂൾ മാനേജർ | : റവ. ഫാ. ജോസ് തട്ടാംപറമ്പിൽ |
| പി റ്റി എ പ്രസിഡന്റ് | : ജിനോഷ് വേങ്ങത്താനം |
| എം പി റ്റി എ പ്രസിഡന്റ് | : ബിൻസി കുറ്റിക്കാട്ട് |

## പൊതുലക്ഷ്യങ്ങൾ

- ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ടു അവരുടെ സമഗ്രവികസനം ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കുക
- ഓരോ കുട്ടിയിലും പഠനനേട്ടങ്ങൾ എത്തി എന്ന് ഉറപ്പുവരുത്തു
- കുട്ടികളുടെ കഴിവ് അവരുടെ മാതാപിതാക്കളെ ബോധ്യപ്പെടുത്തുക
- മാതാപിതാക്കളും സ്കൂളും തമ്മിൽ സൗഹൃദപരമായ ഒരു അന്തരീക്ഷം ഉറപ്പുവരുത്തുക.
- സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കി അക്കാദമിക സാഹചര്യവും, ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുക.
- ഓരോ വർഷവും കൂടുതലായി കുട്ടികളെ ചേർക്കുക.
- കലാ-കായിക പ്രവൃത്തി പരിചയ- ശാസ്ത്ര - ഗണിതശാസ്ത്ര മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
- ഉത്തമപൗരൻമാരായി ഓരോരുത്തരെയും വളർത്തിയെടുക്കുക.
- വിവിധ തരത്തിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേകം പ്രത്യേകം പരിശീലനം നൽകുക. അതിനായി ടാലന്റ് ലാബ് രൂപീകരിക്കുക.
- ഗണിതലാബ്, സയൻസ് ലാബ്, സാമൂഹ്യശാസ്ത്രലാബ് എന്നിവ സജ്ജീകരിക്കുക.
- പരിസ്ഥിതി സൗഹൃദ ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികളെ പ്രകൃതിയുമായി ഇണക്കി വളർത്തുക.
- പച്ചക്കറിത്തോട്ടം പൂന്തോട്ടം, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കുക.
- നൂതന സാങ്കേതിക വിദ്യയിലൂടെ പഠനം ഉറപ്പാക്കുക.

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിപ്പിക്കുക
- മികച്ച് പഠനാന്തരീക്ഷം ഒരുക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസരംഗത്തെ ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.
- പ്രകൃതി സൗഹൃദ പഠനാന്തരീക്ഷം ഉറപ്പാക്കുന്നു.
- കമ്പ്യൂട്ടർ സാക്ഷരത ഉറപ്പുവരുത്തുക.
- സ്കൂളിലെ അനുദിന കാര്യങ്ങൾ മാതാപിതാക്കളിൽ എത്തിക്കുക
- ഓരോ കുട്ടിയും നേടിയെടുക്കേണ്ട കഴിവുകൾ കുട്ടിയിൽ എത്തിയെന്ന് ഉറപ്പു വരുത്തുന്നു.

# വിദ്യാലയത്തിന്റെ ശക്തികൾ

- ശക്തമായ മാനേജ്മെന്റ്
- അർപ്പണമനോഭാവമുള്ള അധ്യാപകർ
- സുശക്തമായ പി.റ്റി.എ. & എം.പി.റ്റി.എ.
- സഹകരണമനോഭാവമുള്ള പഞ്ചായത്ത് ഭരണസംവിധാനവും ജനപ്രതിനിധികളും
- പൂർവ്വ വിദ്യാർത്ഥികൾ
- സഹായമനോഭാവമുള്ള നല്ലവരായ നാട്ടുകാർ
- കൈ, മെയ് മറന്ന് സഹായിക്കാൻ സന്നദ്ധരായ വാട്സ്ആപ്പ് കൂട്ടായ്മകൾ
- മികച്ച പഠനാന്തരീക്ഷം
- ശിശുസൗഹൃദ പഠനരീതികൾ
- ജൈവ വൈവിധ്യ ഉദ്യാനം
- കാർഷിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം
- പ്രത്യേക പരിശീലനങ്ങൾ
- കൈറ്റിന്റെ സഹകരണത്തോടെയുള്ള ഐ.റ്റി. അധിഷ്ഠിത വിദ്യാഭ്യാസം
- മികച്ച രീതിയിൽ പ്രവർത്തനം നടത്തുന്ന നൂൺ മീൽ സംവിധാനം.

# പദ്ധതി വിശദാംശങ്ങൾ

പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് - സ്കൂൾ അസംബ്ലി

മേഖല - അക്കാദമികം / സമഗ്രവികസനം / ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവതരണ മികവ്, സർഗാത്മക രചന എന്നിവയുടെ പരിപോഷണം | അസംബ്ലി കണ്ടക്റ്റിംഗ് പ്രധാന വാർത്തകൾ പ്രസംഗം/ദിനാചരണം, നിർദ്ദിഷ്ട വിഷയം, ഇന്നത്തെ കഥ, വായനാക്കുറിപ്പ് എന്നിവ ഉൾപ്പെടുത്തി സ്കൂൾ അസംബ്ലി എക്സൈസ് | ദിവസേന | S.R.G | |

പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് - ദിനാചരണങ്ങൾ

മേഖല - അക്കാദമികം / സമഗ്രവികസനം / ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ദിനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക | ജൂൺ 5 മുതൽ മാർച്ച് വരെയുള്ള പ്രധാനപ്പെട്ട ദിനാചരണങ്ങൾ തിരഞ്ഞെടുത്ത എസ്.ആർ.ജി. യിൽ ചർച്ച ചെയ്തു അതാതു ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | വർഷത്തിൽ അതാതു ദിനങ്ങൾ | S.R.G | |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് - ബാലസഭ

മേഖല - അക്കാദമികം / സമഗ്രവികസനം / ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സർഗാത്മകതയുടെ വികാസം | ഒന്നിടവിട്ടുള്ള എല്ലാ വെള്ളിയാഴ്ചകളിലും 3.30 മുതൽ 4 വരെ ക്ലാസ് തലത്തിലും രണ്ടുമാസത്തിൽ ഒരിക്കൽ സ്കൂൾ തലത്തിലും കുട്ടികളിലെ കലാവാസനകളെ പ്രകടിത രൂപങ്ങളാക്കി അവതരിപ്പിക്കുന്നു. | 15 ദിവസത്തിലൊരിക്കൽ | S.R.G | |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് - കളിക്കാം പഠിക്കാം

മേഖല - അക്കാദമികം / സമഗ്രവികസനം / ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കായിക ശേഷി വികാസം | ആഴ്ചയിൽ 3 ദിവസം വിവിധ ഉപകരണങ്ങൾ ഉപയോഗിച്ച് കളിക്കാൻ അരമണിക്കൂർ അവസരം നൽകുന്നു | ദീർഘകാലം | S.R.G | |

പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് - **ബാലസഭ**

**മേഖല** - **അക്കാദമികം / സമഗ്രവികസനം / ദീർഘകാലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സർഗാത്മക തയുടെ വികാസം | ഒന്നിടവിട്ടുള്ള എല്ലാ വെള്ളിയാഴ്ചക ളിലും 3.30 മുതൽ 4 വരെ ക്ലാസ് തലത്തിലും ത്രൈമാസത്തിൽ ഒരിക്കൽ സ്കൂൾ തലത്തിലും കുട്ടികളിലെ കലാവാസനകളെ പ്രകടിത രൂപങ്ങളാക്കി അവതരിപ്പി ക്കുന്നു | 15 ദിവസത്തി ലൊരിക്കൽ | S.R.G | |

പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് - **കളിക്കാം പഠിക്കാം**

**മേഖല** - **അക്കാദമികം / സമഗ്രവികസനം / ദീർഘകാലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കായിക ശേഷി വികാസം | ആഴ്ചയിൽ 3 ദിവസം വിവിധ ഉപകരണങ്ങൾ ഉപയോഗിച്ച് കളിക്കാൻ അരമണിക്കൂർ അവസരം നൽകുന്നു | ദീർഘകാലം | S.R.G | |

പ്രവർത്തനം - 7

പ്രവർത്തനത്തിന്റെ പേര് - **കവിയരങ്ങ്/കഥയരങ്ങ്**

മേഖല - **അക്കാദമികം/സർഗ്ഗാത്മക വികസനം/ദീർഘകാലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം. സഭാകമ്പം മറികടക്കാനുള്ള സാഹചര്യ മൊരുക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് സ്വതന്ത്ര കഥാരചന, കവിതാരചന, കഥാരൂപണം ഇവയ്ക്കു അവസരം നൽകുന്നു. പൊതു ബാലസഭകളിൽ അവതരിപ്പിക്കുന്നു. | 2 മാസത്തിലൊരിക്കൽ | S.R.G | |

പ്രവർത്തനം - 8

പ്രവർത്തനത്തിന്റെ പേര് - **കൈയെഴുത്ത്**

മേഖല - **അക്കാദമികം/ സർഗ്ഗാത്മക വികസനം ദീർഘകാലം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടാനും വിവിധ ശേഷികൾ വികസിപ്പിക്കാനും അവസര മൊരുക്കൽ | സ്വന്തമായും ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും കൈയെഴുത്തുമാസിക നിർമ്മാണം. യാത്രാവിവരണം, അനുഭവ കുറിപ്പുകൾ, മറക്കാനാവാത്ത സംഭവം, ആത്മകഥ | 6 മാസത്തിലൊരിക്കൽ | S.R.G | PTA |

പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് - ചോദ്യപ്പെട്ടി / ഉത്തരപ്പെട്ടി

മേഖല - അക്കാദമികം / സമഗ്രവികസനം / ദീർഘകാലം

| ലക്ഷ്യം . | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുവിജ്ഞാന ശേഷി വികാസം | ഓരോ ദിവസവും പൊതുവിജ്ഞാനത്തെ അടിസ്ഥാനമാക്കി 5 ചോദ്യങ്ങൾ അസംബ്ലിയിൽ ചോദിക്കുന്നു. ഉത്തരങ്ങൾ പറയുന്നു. തുടർന്ന് ഓരോ ക്ലാസ്സിലും സജ്ജീകരിച്ചിരിക്കുന്ന പൊതുവിജ്ഞാന വികസന ബോക്സിൽ രേഖപ്പെടുത്തുന്നു. മാസത്തിൽ ഒരിക്കൽ പൊതുക്വിസ് നടത്തുന്നു. വിജയികൾക്ക് സമ്മാനം നൽകുന്നു. | മാസത്തിൽ ഒരിക്കൽ | S.R.G | |

പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് - അക്ഷരങ്ങൾ അറിയുക

മേഖല - അക്കാദമികം / ഭാഷാപഠനം / ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം ഇംഗ്ലീഷ് ഭാഷയിലെ അടിസ്ഥാനം ഉറപ്പിക്കൽ | പിന്നോക്കക്കാർക്കു പരിശീലനം രക്ഷിതാക്കൾക്ക് ബോധവത്കരണം. ശ്രദ്ധ മലയാളത്തിളക്കം സ്പെഷ്യൽ ഇംഗ്ലീഷ് കോച്ചിംഗ് (Hello Word) | ദിവസവും 30 മിനിറ്റ് | S.R.G | |

പ്രവർത്തനം - 9

പ്രവർത്തനത്തിന്റെ പേര് - കവിയരങ്ങ് / കഥയരങ്ങ്

മേഖല - അക്കാദമികം/ ഭാഷാശേഷിയുടെ വികാസം/ ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷിയുടെ സമഗ്ര വികസനം | സ്കൂളിലെയും സ്കൂൾ പ്രദേശത്തെയും വാർത്തകൾ ശേഖരിച്ചു സ്കൂൾ പത്രം,ക്ലാസ് പത്രം എന്നിവ നിർമ്മിക്കുന്നു. | ടേമിൽ ഒന്ന് | S.R.G | സ്പോൺസർഷിപ്പ് |

പ്രവർത്തനം - 10

പ്രവർത്തനത്തിന്റെ പേര് - ക്ലാസ് ലൈബ്രറി

മേഖല - അക്കാദമികം/ ഭാഷാശേഷിയുടെ വികാസം/ ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷിയുടെ സമഗ്ര വികസനം | ക്ലാസ്സിൽ ലൈബ്രറി ഒരുക്കി രജിസ്റ്റർ തയ്യാറാക്കികുട്ടികൾക്ക് പുസ്തക വിതരണം. വായനാകുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | S.R.G | PTA MPTA |

പ്രവർത്തനം - 11

പ്രവർത്തനത്തിന്റെ പേര് - ഫീൽഡ് ട്രിപ്പ്

മേഖല - അക്കാദമികം/ സാമൂഹ്യശാസ്ത്രം/ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ വസ്തുതകൾ ഗ്രഹിക്കുന്നതിന് | കൃഷിസ്ഥലം, ഫാക്ടറികൾ എന്നിവിടങ്ങളിലേക്ക് നടത്തുന്ന പഠനയാത്ര | 6 മാസത്തിൽ ഒന്ന് | S.R.G | |

പ്രവർത്തനം - 12

പ്രവർത്തനത്തിന്റെ പേര് - പൊതുവിജ്ഞാന വികാസം

മേഖല - അക്കാദമികം/ പൊതുവിജ്ഞാനം/ദീർഘകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതു വിജ്ഞാനത്തിൽ മുന്നിലെത്തുക | ഓരോ മാസവും 25 ചോദ്യങ്ങൾ അധ്യാപകർ കണ്ടെത്തി നല്കുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു. വാർഷിക ദിനത്തിൽ സമ്മാനം | മാസത്തിൽ ഒരിക്കൽ | S.R.G | PTA |

പ്രവർത്തനം - 13

പ്രവർത്തനത്തിന്റെ പേര് - വാനനിരീക്ഷണം

മേഖല - അക്കാദമികം/ ശാസ്ത്രം/ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സൂര്യൻ, ചന്ദ്രൻ നക്ഷത്രങ്ങൾ ഇവയെ തിരിച്ചറിയുന്നു. വെളുത്തവാവ് ചന്ദ്രന്റെ രൂപമാറ്റങ്ങൾ ഇവ നിരീക്ഷിക്കൽ | രാത്രികാലങ്ങളിൽ ആകാശനിരീക്ഷണം നിരീക്ഷണ കുറിപ്പ് വെളുത്തവാവ്, കറുത്തവാവ് ഇവ മനസ്സിലാക്കൽ കുറിപ്പ് തയ്യാറാക്കൽ | ഹ്രസ്വ കാലം | സയൻസ് ക്ലബ്ബ് | |

പ്രവർത്തനം - 14
പ്രവർത്തനത്തിന്റെ പേര് - മെഡിക്കൽ ക്യാമ്പ്
മേഖല - അക്കാദമികം/ ശാസ്ത്രം/പ്രവൃത്തികാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുക | ആരോഗ്യവകുപ്പിന്റെ സഹായത്തോടെ മെഡിക്കൽ ക്യാമ്പ്, വിറ്റാമിൻ ഗുളിക വിതരണം, പകർച്ചവ്യാധികൾ തടയാൻ പ്രതിരോധമരുന്നു ലഭ്യമാക്കൽ ബോധവൽക്കരണ ക്ലാസ് (ലഹരി ഉപയോഗം) | പ്രവൃത്തി കാലം ഓഗസ്റ്റ് | Health club | |

പ്രവർത്തനം - 15
പ്രവർത്തനത്തിന്റെ പേര് - പ്രസിദ്ധീകരണം
മേഖല - അക്കാദമികം/ ശാസ്ത്രം/പ്രവൃത്തികാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗാത്മക രചനകളിൽ ഏർപ്പെടൽ വായന സാമഗ്രി നിർമ്മാണം | മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരണം | 6 മാസത്തി ലൊരിക്കൽ | S.R.G | PTA |

പ്രവർത്തനം - 19

പ്രവർത്തനത്തിന്റെ പേര് - വിവരസാങ്കേതിക വിദ്യ

മേഖല - അക്കാദമികം/ മധ്യകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഐ.ടി. സാധ്യതകൾ കുട്ടികളിൽ എത്തിക്കുക | പാഠഭാഗം, IT സാധ്യതകൾ പ്രയോജനപ്പെടുത്തി അവതരിപ്പിക്കൽ, ചിത്രം വര, പെയിന്റിംഗ്, പേരെഴുതൽ വാക്കെഴുതൽ ഇവ പരിശീലിപ്പിക്കുന്നു. | ഒരു വർഷം | അധ്യാപകർ | |

പ്രവർത്തനം - 20

പ്രവർത്തനത്തിന്റെ പേര് - ഇംഗ്ലീഷ് ഭാഷാ പരിപോഷണം

മേഖല - അക്കാദമികം/ സമഗ്രവികസനം/ മധ്യകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ തെറ്റുകൂടാതെ എഴുതുക പറയുക വായിക്കുക | സ്പോക്കൺ ഇംഗ്ലീഷ്, ഇംഗ്ലീഷ് അസംബ്ലി, പ്രസംഗം, ഇന്നത്തെ ചിന്താവിഷയം, ഇംഗ്ലീഷിൽ ഡയറി<br>English Story Telling<br>Rhymes<br>Poems | വർഷം മുഴുവൻ | S.R.G | |

പ്രവർത്തനം - 21

പ്രവർത്തനത്തിന്റെ പേര് - പഠനയാത്ര

മേഖല - അക്കാദമികം/ ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠനകാര്യങ്ങൾ നേരിട്ട് കണ്ട് മനസിലാക്കുന്നതിന് അവസരമൊരുക്കൽ | ഫീൽഡ് ട്രിപ്പ്, രണ്ട് കിലോമീറ്റർ അകലെയുള്ള ഓടി ഫാക്ടറി സന്ദർശിച്ചു കാര്യങ്ങൾ മനസ്സിലാക്കൽ പൊതുസ്ഥാപനങ്ങൾ സന്ദർശിച്ചു ഇവയുടെ സേവനങ്ങൾ ഗ്രഹിക്കൽ (ആശുപത്രി, പോസ്റ്റോഫീസ്..) | ജനുവരി ഫെബ്രുവരി മാസങ്ങൾ | S.R.G. PTA | S.R.G PTA |

പ്രവർത്തനം - 22

പ്രവർത്തനത്തിന്റെ പേര് - ഉച്ചഭക്ഷണം

മേഖല - അക്കാദമികം/ ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ | വിഷരഹിത പച്ചക്കറി കുട്ടികൾക്ക് നൽകുന്നതിനായി സ്കൂൾ വളപ്പിൽ വിവിധതരം പച്ചക്കറികൾ കൃഷി ചെയ്യുന്നു. കൃഷി ഓഫീസിൽ നിന്നും ലഭിക്കുന്ന പച്ചക്കറി വിത്തുകൾ കുട്ടികൾക്ക് വിതരണം ചെയ്യുകയും നട്ടുപരിപാലിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. വളർച്ചാഘട്ടങ്ങൾ ഉൾപ്പെടുത്തി നിരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. | ദിവസേന | S.R.G | 1000 രൂപ |

പ്രവർത്തനം - 23
പ്രവർത്തനത്തിന്റെ പേര് - ഗണിത ലാബ് സജ്ജീകരിക്കൽ
മേഖല - അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനം സുഗമമാക്കുക | വിദ്യാലയത്തിലെ ഒരു ഭാഗത്തു ഗണിത ലാബ് സജ്ജീകരിക്കൽ കമ്പുകൾ, കട്ടകൾ, സ്ഥാനവില പോക്കറ്റ് ഇവ ശേഖരിക്കൽ ഉപയോഗിക്കൽ | നിരന്തരം | സയൻസ് അധ്യാപിക S.R.G ഗണിത ക്ലബ്ബ് | |

പ്രവർത്തനം - 24
പ്രവർത്തനത്തിന്റെ പേര് - ശാസ്ത്ര ലാബ് സജ്ജീകരിക്കൽ
മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | കൊച്ചുകൊച്ചു പരീക്ഷണങ്ങൾ നടത്തി നിരീക്ഷിക്കുന്നതിനായി അവസരം ഒരുക്കുന്നു. വേണ്ടുന്ന വസ്തുക്കൾ ശേഖരിക്കുന്നു. | വർഷത്തിൽ നാലോ അഞ്ചോ പ്രാവശ്യം | ലാബ് ക്ലബ്ബ് | |

പ്രവർത്തനം - 25
പ്രവർത്തനത്തിന്റെ പേര് - കലാകായിക പ്രവൃത്തി പരിചയം
മേഖല - അക്കാദമികം/ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാകായിക പ്രവൃത്തി പരിചയം ഈ മേഖലകളിലുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കൽ | സ്കൂൾ തലം, ഉപജില്ലാ തലം മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. പരിശീലനം നൽകുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | H.M കായിക അധ്യാപകർ | PTA |

പ്രവർത്തനം - 26

പ്രവർത്തനത്തിന്റെ പേര് - പൂച്ചെട്ടി

മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൂന്തോട്ട നിർമ്മാണം | ക്ലാസ് ടീച്ചർ കുട്ടികൾ എല്ലാ ജന്മദിനത്തിലും ഒരു പൂച്ചെട്ടി വീതം സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 27

പ്രവർത്തനത്തിന്റെ പേര് - പ്ലാസ്റ്റിക്, കീടനാശിനി വിമുക്ത പരിസരം

മേഖല - അക്കാദമികം/ശാസ്ത്രം/ഹ്രസ്വകാലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്ലാസ്റ്റിക് കീടനാശിനി ഇവയുടെ ഉപയോഗം ആരോഗ്യത്തിനും , പരിസരസംരക്ഷണത്തിനും ഹാനികരം എന്ന ബോധം കുട്ടികളിൽ വളർത്തുക | പ്ലാസ്റ്റിക് കൂടുകളും, ഗ്ലാസുകളും പരിസരങ്ങളിൽ ഇടാതിരിക്കുക. ഉള്ളത് മാറ്റി പ്രത്യേക കുഴികളിൽ നിക്ഷേപിക്കുക. സാധനങ്ങൾ പേപ്പറിലോ തുണി സഞ്ചിയിലോ പൊതിഞ്ഞുകൊണ്ടുവരിക കൃഷിയ്ക്ക് ജൈവവളം മാത്രം ഉപയോഗിക്കുക | വർഷം മുഴുവൻ | SRG PT | |

## ഉപസംഹാരം

ഒരു കുട്ടിയെ ഒരു യൂണിറ്റായി കണ്ടു ഓരോരുത്തരുടെയും സർഗ്ഗ വൈഭവങ്ങൾ കണ്ടെത്തി പരിപോഷിപ്പിച്ചു ഭാവി പൗരൻമാരെ വാർത്തെടുക്കുക. നല്ല നാളെയെ കരുപ്പിടിപ്പിക്കുക. ഒത്തുപിടിച്ചാൽ നമുക്ക് സാധ്യമാക്കാവുന്നതെയുള്ളൂ ഇതെല്ലാം. സർക്കാരും മാനേജ്മെന്റും, പി.ടി.എ. ഉം അദ്ധ്യാപകരും പൊതുസമൂഹവും ഒന്നു ചേർന്ന് ഒരേ ലക്ഷ്യത്തിനുവേണ്ടി മുന്നേറുമ്പോൾ ഈ വികസന പദ്ധതി വിജയം വരിക്കും. അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അവകാശങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടണം. നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. എല്ലാവരുടേയും സഹകരണം, പിന്തുണ, സഹായം എന്നിവ പ്രതീക്ഷിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ.